1B6A25304 (Pages : 2) Reg. No:…………………….....

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2025**

**BML6E03 – Cyber Malayalam**

(2022 Admission onwards)

Time: 2 hours Max. Marks : 60

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 12 = 24 (പരമാവധി മാർക്ക് 20)]

1. സംക്ഷേപ വേദാർത്ഥം അച്ചടിക്കപ്പെട്ടത് എവിടെയാണ്?
2. തിരമൊഴി എന്നപദം കൊണ്ട് വിവക്ഷിക്കുന്നതെന്ത്?
3. ഫിഷിങ്ങ് (Phishing) എന്നാൽഎന്ത് ?
4. സൈബർശാസ്ത്രനോവൽ എന്നാൽ എന്താണ്?
5. ആധുനിക മലയാള അച്ചടിയുടെ പിതാവ് എന്ന് അറിയപ്പെടുന്നത് ആര്?
6. മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ പത്രമേത്? ആരംഭിച്ച വർഷമേത്?
7. OTP – യുടെ പൂർണ്ണ രൂപമെന്ത്?
8. പ്രതീതിയാഥാർത്ഥ്യം എന്നാൽ എന്ത്?
9. ഇ-ലൈബ്രറി എന്നാൽ എന്ത്?
10. ഫയർവാൾ ( Firewall) എന്നാൽ എന്ത്?
11. ഫേസ്ബുക്കിന്റെ സ്ഥാപകനാര്?
12. വ്ളോഗിംഗ് (vlogging)എന്നാൽ എന്ത്?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക. [5 x 7 = 35 (പരമാവധി മാർക്ക് 30)]**

13. ഓപ്പറേറ്റിംഗ് സിസ്റ്റം എന്നാൽ എന്ത്? ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക.
14. വെബ്സൈറ്റ് – എന്തെന്ന് ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക?
15. നൃത്തം എന്ന മലയാള നോവൽ മുന്നോട്ട് വെക്കുന്ന സൈബറിടത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
16. ഹോർത്തൂസ് മലബാറിക്കസ് - കുറിപ്പെഴുതുക.
17. സിറ്റിസൺജേണലിസം എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
18. സൈബർ പങ്കുകൾ എന്നാൽ എന്ത്? വിശദമാക്കുക.
19. സ്വതന്ത്ര സോഫ്റ്റ് വെയർ എന്നാൽ എന്ത്? വിവരിക്കുക.

**ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക [1 x 10 = 10]**

20. സോഷ്യൽമീഡിയയുടെ ഗുണദോഷ വശങ്ങളെക്കുറിച്ച് ഒരു ഓൺലൈൻ പത്രത്തിലേക്ക് ഒരു ലേഖനം തയ്യാറാക്കുക.
21. വിക്കിപീഡിയയുടെ ചരിത്രവും പശ്ചാത്തലവും വിശദമാക്കുക.?

1B6A25303 (Pages : 2) Reg. No:………………………

Name: ……………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2025**

**BML6B14 – Navasamskara padanangal**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തര മെഴുതുക 2 മാർക്ക് വീതം**

1. വിഷയപരമായി പരിസ്ഥിതി സൗന്ദര്യശാസ്ത്ര പഠനത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെന്തെല്ലാം ?
2. കേരളത്തിലെ ദലിത് സാഹിത്യവേദി തയ്യാറാക്കിയ സാഹിത്യരേഖയിൽ ദലിതരെ നിർവചിക്കുന്നതെങ്ങനെ?
3. സരസ്വതീ വിജയത്തിന്റെ പ്രമേയമെന്ത്?
4. റെയ്മണ്ട് വില്യംസ് സംസ്കാരത്തെ നിർവചിക്കുന്നതെങ്ങനെ?
5. സംസ്കാരപഠനത്തിൽ ഭാഷയെന്നത്, അടഞ്ഞ സ്വയം സമ്പൂർണ്ണമായ ഒരു മണ്ഡലമല്ല എന്തുകൊണ്ട്?
6. വരേണ്യവിഭാഗം അധികാരവും ചൂഷണവും സുരക്ഷിതമാക്കുന്നതെങ്ങനെയാണ്?
7. ജാതിനിർമ്മൂലനം സമ്പൂർണ്ണമായി നടപ്പിലാക്കാൻ അംബേദ്കർ നിർദ്ദേശിച്ച മാർഗമെന്ത്?
8. അധീശ്വ സംസ്ക്കാരം(Dominant Culture) എന്നാൽ എന്ത് ?
9. വ്യവഹാരം എന്ന പദം കൊണ്ട് ഫൂക്കോ വിവക്ഷിച്ചതെന്ത്?
10. മേൽക്കോയ്മ (Hegemoney) എന്നാൽ എന്ത്
11. പാനപാത്രം എന്ന കഥയിലൂടെ സി. എസ് ചന്ദ്രിക മുന്നോട്ടു വെയ്ക്കുന്ന പ്രശ്നമേഖലയെന്ത്?
12. ആന്റോണിയോ ഗ്രാംഷി ജനപ്രിയസംസ്കാരത്തെ വ്യാഖ്യാനിച്ചതെങ്ങനെ?
13. ഗഹനപരിസ്ഥിതിവാദത്തിന്റെ അടിസ്ഥാനമെന്ത്?
14. എം ബി മനോജിന്റെ ജീവചരിത്രം പ്രസക്തമാകുന്നതെന്തുകൊണ്ട്?
15. യോഗക്ഷേമസഭയിൽ നമ്പൂതിരിസ്ത്രീ വിദ്യാഭ്യസത്തെക്കുറിച്ച് ഉയർന്ന വാദമെന്ത്?

**പരമാവധി 25 മാർക്ക്**

## SECTION B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തര മെഴുതുക. 5 മാർക്ക് വീതം**

16. സംസ്ക്കാര പഠനത്തിൽ അപനിർമാണത്തിന്റെ (Deconstruction) പ്രസക്തിയെന്ത്

17 ദലിത് അസ്തിത്വത്തിന്റെ ഉള്ളടക്കം രാഷ്ട്രീയമാണെന്ന് പറയുന്നതെന്തുകൊണ്ട്?

18. "കൈക്കലത്തുണ്ണി" എന്ന കവിതയിലൂടെ പ്രതീവൽക്കരിക്കുന്നതെന്ത് ?

19. മേബിൾ അമ്മായിയുടെ നഗരത്തിലെ സമകാലിക എഴുത്തുകാരുടെ സംവാദങ്ങളിൽ അവാസാനം വരെ എഴുത്തുകാരിക്ക് പങ്കെടുക്കാൻ കഴിയാതിരുന്നതിന് കാരണമെന്ത്?

20. കുഞ്ഞുമോളും ഇപ്പോൾ

മറ്റൊരടുക്കളയിൽ

പാട്ടുപാടി നടന്നവൾ

അവളും പാറപോലുറച്ചു വിവക്ഷിതമെന്ത്?

21. സംസ്കാരം പോലെ തന്നെ സങ്കീർണ്ണമായൊരു വാക്കാണ് പ്രകൃതി - വിവക്ഷയെന്ത്?

22. കരീംബോയിയുടെ നാടകത്തിൽ അഭിനയിക്കാൻ വസുന്ധര തീരുമാനിച്ചപ്പോൾ കാമുകനായ ഗോകുലിന് സന്തോഷം തോന്നാൻ കാരണമെന്ത്?

23. തിരുവിതാംകൂർ സർക്കാർ പള്ളികൂടങ്ങൾക്കായി രചിച്ച സ്ത്രീവിദ്യാഗൃഹപാഠാവലി എന്ന പുസ്തകത്തിന്റെ ഉള്ളടക്കമെന്തായിരുന്നു

**പരമാവധി 35 മാർക്ക്**

## SECTION C

**III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് 2 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

24. പുരുഷാധികാരത്തെ സാധൂകരിക്കുകയോ മഹത്വീകരിക്കുകയോ ചെയ്യുന്നവയല്ല സ്ത്രീസാഹിത്യരചനകൾ - കെ. സരസ്വതിയമ്മ, രാജലക്ഷ്മി, മാധവിക്കുട്ടി എന്നിവരുടെ ചെറുകഥകളെ മുൻനിർത്തി വിശകലനം ചെയ്യുക.

25. ദലിത് സാഹിത്യം ഉരുത്തിരിഞ്ഞ സാമൂഹിക-സാസ്കാരിക രാഷ്ട്രീയസാഹചര്യം വിശകലനം ചെയ്യുക

26. അസമമായ സവർണ്ണ ജ്ഞാന-സൗന്ദര്യ വ്യവസ്ഥയെക്കെതിരെ സ്വയം വിമോചനത്തിന്റെ കീഴാള ശ്രമങ്ങൾക്ക് ജ്ഞാനശാസ്ത്രപരമായ അടിത്തറ സൃഷ്ടിക്കുകയാണ് സരസ്വതീവിജയം - വിശകലനം ചെയ്യുക.

27. മേൽക്കോയ്മ പ്രത്യയ ശാസ്ത്രം ഭാഷയിലും സംസ്ക്കാരത്തിലും സാഹിത്യത്തിലും പ്രവർത്തിക്കുന്നതെങ്ങനെ ? 'വീണ്ടെടുക്കേണ്ട മറവിയും മാറ്റിവെക്കലും' എന്ന പി. കെ പോക്കറിന്റെ പ്രബന്ധത്തെ ആസ്പദമാക്കി വിശദീകരിക്കുക.

**2 x 10 = 20**

1B6A25302 (Pages : 3) Reg. No:…………………….....

Name: ………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2025**

**BML6B13 – Pourasthya Sidhanthangal**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. അഭിനവഗുപ്തൻ രചിച്ച നാട്യശാസ്ത്ര വ്യാഖ്യാനഗ്രന്ഥത്തിന്റെ പേരെന്ത് ?
2. *"അപാരേ കാവ്യസംസാരേ കവിരേക പ്രജാപതിഃ*
   *യഥാസ്മൈരോചതേ വിശ്വം തഥേദം പരിവർത്തതേ"* എന്നു നിർവചിച്ചതാര്? ഗ്രന്ഥമേത്?
3. 'സാഹിത്യഭൂഷണം' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര്?
4. രസം നിഷ്പന്നമാകുന്നത് എങ്ങനെയാണ്?
5. "വാഗ്ദേവതക്കു രണ്ടുമാർഗങ്ങളുണ്ട്; ശാസ്ത്രവും കാവ്യവും.
   അവയിലാദ്യത്തേത് (ശാസ്ത്രം) പ്രജ്ഞയിൽനിന്നും ഒടുവിലത്തേത് (കാവ്യം )
   പ്രതിഭയിൽനിന്നും ഉറവെടുക്കുന്നു" എന്ന ഭട്ടതൗതന്റെ നിരീക്ഷണത്തിന്റെ
   പൊരുളെന്താണ്?
6. ഛന്ദസ്സും വൃത്തവും ഒന്നാണോ? വിശദീകരിക്കുക.
7. അർത്ഥാന്തരന്യാസം എന്നാൽ എന്ത്?
8. "ഒരു നിശ്ചയമില്ലയൊന്നിനും
   വരുമോരോദശ വന്നപോലെപോം
   വിരയുന്നു മനുഷ്യനേതിനോ;
   തിരിയാ ലോകരഹസ്യമാർക്കുമേ" വൃത്തം നിർണയിക്കുക.
9. ദ്വിതീയാക്ഷരപ്രാസതിന്റെ സവിശേഷതയെന്ത് ?
10. ശബ്ദവ്യാപാരങ്ങൾ ഏവ?
11. "പങ്കജനാഭാവതാരം പത്തിലുമാധിക്യമേറും
    പങ്കഹരനായ കൃഷ്ണനെന്നറിഞ്ഞാലും". വൃത്തം നിർണയിക്കുക?
12. കാവ്യഗുണം എന്നാലെന്ത്? അവയെ എങ്ങനെയാണ് തരംതിരിക്കുന്നത്?
13. എ. ആർ. അലങ്കാരങ്ങളെ എങ്ങനെയാണ് വർഗ്ഗീകരിക്കുന്നത് ?
14. "തല്പരത്വമവനാർന്നിരുന്നു തെ-
    ല്ലപ്പോൾ വെന്നരിയെയൂഴികാക്കുവാൻ
    കോപ്പിടും നൃപതിപോലെയും കളി-

ക്കോപ്പെടുത്ത ചെറുപൈതൽപോലെയും"എന്ന വരികളിലെ അലങ്കാരങ്ങൾ കണ്ടെത്തുക.

15. അതിശയോക്തിവിഭാഗങ്ങൾ പരിചയപ്പെടുത്തുക.

(2 x 15=30. പരമാവധിമാർക്ക്25 )

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

16. ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങൾ കവിക്ക് കാവ്യത്തേക്കാൾ പദവിനൽകുന്നുണ്ടോ? കവിനിർവചനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനംചെയ്യുക.

17. 'കവി സൃഷ്ടിക്കുന്നു; സഹൃദയൻ പുനഃസൃഷ്ടിക്കുന്നു' എന്ന ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇന്ത്യൻ കാവ്യശാസ്ത്രത്തിലെ സഹൃദയനിർവചനങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

18. ഭാരതീയമായ കാവ്യസിദ്ധാന്തങ്ങൾക്കെല്ലാം പരിണാമക്ഷമതയുണ്ടെന്നുള്ളതുകൊണ്ട് അവയുടെ സമകാലികപ്രസക്തി ഉറപ്പിക്കാൻ സാധിക്കുമെന്ന അയ്യപ്പപ്പണിക്കരുടെ നിരീക്ഷണത്തെ വിമർശനബുദ്ധ്യാ വിലയിരുത്തുക.

19. പ്രാസം, അനുപ്രാസം, യമകം മുതലായ ശബ്ദാലങ്കാരങ്ങൾ പരിചയപ്പെടുത്തുക.

20. 'ഇന്ത്യൻ സാഹിത്യ ദർശനങ്ങളിൽ സർവ്വപ്രധാനമാണ് രസസിദ്ധാന്തം': രസസൂത്രം ഉദ്ധരിച്ച് രസസിദ്ധാന്തതിന്റെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

21. ഭാഷാവൃത്തവും സംസ്കൃതവൃത്തവും വ്യത്യസ്തമാകുന്നതിന്റെ അടിസ്ഥാനം വിശ്ദീകരിച്ച് അവയുടെ സവിശേഷതകൾ വിലയിരുത്തുക.

22. നതോന്നത വൃത്തതിന്റെ ലക്ഷണം ഉദാഹരണസഹിതം വിശദീകരിക്കുക.

23. കവിതയുടെ രൂപപരവും ഭാവപരവുമായ കെട്ടുറപ്പിന് അർഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും സഹായകമാണെന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുക.

(5 x 8=40. പരമാവധിമാർക്ക്35 )

**III. ഏതെങ്കിലും രണ്ടു ചോദ്യത്തിനു രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. ഭാഷാവൃത്തങ്ങളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

25. ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ കവി, കാവ്യം, സഹൃദയൻ എന്നീ സംജ്ഞകളുടെ അർഥസാധ്യതകൾ വിശകലനംചെയ്യുക.

26. സിദ്ധാന്ത നവീകരണത്തിനാവശ്യമായി അയ്യപ്പപണിക്കർ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ സിദ്ധാന്തങ്ങളുടെ സമകാലസാധ്യതകളെപ്പറ്റി ഉപന്യസിക്കുക.

27. സമകാലസാഹിത്യങ്ങൾ വിശകലനംചെയ്യുന്നതിന് ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുമോ? ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങളുടെ പ്രസക്തിയും സാധ്യതയും അടിസ്ഥാനമാക്കി വിശകലനംചെയ്യുക.

(2x 10=20)

1B6A25301 (Pages : 2) Reg. No:..........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2025**

**BML6B12– Gadhyasahithyam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**SECTION A**

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. കൂടിയാട്ട ഗദ്യം എന്നാലെന്ത്?
2. മലയാള ഗദ്യത്തിന് ജോർജ് മാത്തന്റെ സംഭാവനകൾ ഏതെല്ലാം ?.
3. ' പുല്ലേലിക്കുഞ്ചു' എഴുതിയതാര്? നോവലിന്റെ പ്രത്യേകതകൾ എന്തെല്ലാം ?
4. ചെന്തമിഴിന് രാജഭാഷയെന്ന നിലയിൽ കേരളത്തിൽ നിലയുറപ്പിക്കാൻ കഴിഞ്ഞു – നിരീക്ഷണം ആരുടേത്?
5. " നമശ്ശിവായ ശ്രീരാജരാജാധിരാജ പരമേശ്വര ഭട്ടാരക "എന്നാരംഭിക്കുന്ന ശാസനമേത്? ശാസനത്തിന്റെ ഉള്ളടക്കമെന്ത് ?
6. 'സംക്ഷേപ വേദാർത്ഥം ' എന്ന ഗ്രന്ഥം പരിചയപ്പെടുത്തുക.
7. മണിപ്രവാളത്തിന്റെ നിയമങ്ങൾ വിശദീകരിക്കുന്ന ഗ്രന്ഥമേത്?
8. 'നമ്പ്യാന്തമിഴ്'- എന്നാലെന്ത്?
9. വമ്പ് എന്നാലെന്ത് ?
10. 'ഹോർത്തൂസ് മലബാറിക്കസ് ' എന്ന ഗ്രന്ഥം പരിചയപ്പെടുത്തുക
11. അറബി മലയാളം എന്നാലെന്ത് ?
12. മലയാളത്തിലെ ആദ്യയാത്രാ വിവരണ ഗ്രന്ഥംഏത്? എഴുതിയാതാര് ?
13. ശേഷീവാദം എന്നാലെന്ത് ?
14. രണ്ടു ആദ്യകാല മലയാളപത്രങ്ങളുടെ പേരെഴുതുക
15. ആത്മകഥ എന്നാലെന്ത് ? ഉദാഹരണ സഹിതം വിശദീകരിക്കുക.

**(15 X 2 = 30, പരമാവധിമാർക്ക് 25)**

## SECTION B

### II.ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. കുറിപ്പെഴുതുക.

16. ഒറ്റപ്പെട്ടുപോയ പെൺകുട്ടി എന്ന ആത്മകഥാ ഭാഗത്തിലെ പ്രമേയമെന്ത് ? എഴുതിയതാര് ? വിശദീകരിക്കുക
17. മണിപ്രവാളം
18. ഉദയം പേരൂർ സൂനഹദോസ്
19. ആട്ടപ്രകാരങ്ങളും ക്രമദീപികകളും
20. ഭാഷാകൗടലീയം
21. 'വർത്തമാനപുസ്തകം' പരിചയപ്പെടുത്തുക
22. എം.ആർ.ബിയുടെ ജീവിതത്തിൽ കുട്ടിക്കൃഷ്ണമാരാർ ചെലുത്തിയ സ്വാധീനമെന്ത്?
23. മലയാളഗദ്യത്തിന്റെ വളർച്ചക്ക് കേരളവർമ വലിയകോയിതമ്പുരാൻ നൽകിയ സംഭാവനകൾ വിവരിക്കുക

**(8 X 5 = 40, പരമാവധിമാർക്ക്35)**

### III.ഏതെങ്കിലും രണ്ടുചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ഇ-പ്രസാധനത്തിന്റെ സാധ്യതകളും പരിമിതികളും ചർച്ച ചെയ്യുക.
25. മലയാളഗദ്യത്തിന്റെ ആധുനികീകരണത്തിൽ മിഷനറിമാർ വഹിച്ചപങ്ക് വിശദമാക്കുക.
26. ശാസനഭാഷയുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.
27. 'അധികാരഘടനയും ഭിന്നശേഷിയും' : ഡിസബിലിറ്റിചിന്തകൾക്ക് ഒരാമുഖം എന്ന ലേഖനത്തിൽ യാകോബ്തോമസ് മുന്നോട്ട് വെക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

**(2X10=20)**

1B6A25300 (Pages : 2) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2025**

**BML6B11 – Bashasasthravum Bashacharithravum**

(2022Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1 സ്വനിമം എന്നാലെന്ത്?

2 ദ്രാവിഡ ഭാഷാഗോത്രത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും മൂന്ന് ഭാഷകളുടെ പേരെഴുതുക.

3 രൂപിമം എന്നാലെന്ത്?

4 ഭാഷാഭേദം എന്നാലെന്ത്?

5 ജീവൽ ഭാഷ-മൃതഭാഷ എന്തെന്ന് വ്യക്തമാക്കുക.

6 പുരുഷഭേദ നിരാസം എന്തെന്ന് വ്യക്തമാക്കുക.

7 ലോക മാതൃഭാഷാദിനം എന്ന്?

8 യൂനികോഡ് എന്നാലെന്ത്?

9 വിലക്കുഭാഷ എന്തെന്ന് വ്യക്തമാക്കുക.

10 ഔദ്യോഗിക ഭാഷ എന്നാലെന്ത്?

11 ഒന്നാം ഭാഷ എന്ന സങ്കൽപം വ്യക്തമാക്കുക.

12 സങ്കരഭാഷ എന്നാലെന്ത്?

13 കമ്പിതസ്വനങ്ങൾ എന്നാലെന്ത്?

14 'അമ്മമാരോട്' എന്നതിലെ സ്വതന്ത്ര രൂപിമവും ആശ്രിത രൂപിമവും എന്തെന്ന് കണ്ടെത്തുക.

15 ഭാഷാശാസ്ത്രം വ്യാകരണത്തിൽ നിന്ന് എങ്ങനെ വിഭിന്നമാവുന്നു?

**(15 x 2 = 30പരമാവധി മാർക്ക് 25)**

## SECTION B

II ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക

16 ഭാഷാപഗ്രഥന രീതികൾ ഏവ? വിശദീകരിക്കുക.

17 മാതൃഭാഷ-ഒന്നാംഭാഷ എന്നീ സങ്കൽപങ്ങളുടെ പ്രസക്തിയെന്ത്?

18 ഭാഷയും അധികാരവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?

19 വർണ്ണം-അക്ഷരം-ലിപി എന്നിവ എന്തെന്ന് വ്യക്തമാക്കുക.

20 വ്യത്യയജോഡികൾ എന്നാലെന്ത്? ഉദാഹരണ സഹിതം വ്യക്തമാക്കുക.

21 പരസ്യഭാഷയുടെ സവിശേഷതകൾ വിശദീകരിക്കുക.

22 ഭാഷാഭേദപഠനത്തിന്റെ വിവിധ ഘട്ടങ്ങൾ ഏവ?

23 മലയാളഭാഷയിലെ നവമാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് കുറിപ്പെഴുതുക.

**(5 x 8 = 40പരമാവധി മാർക്ക് 35)**

## SECTION C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 കക്ഷ്യാവിഭജനം എന്നാലെന്ത്? വിശദമാക്കുക.

25 മലയാള ഭാഷോത്പത്തി സിദ്ധാന്തങ്ങൾ വിശദീകരിക്കുക

26 മനുഷ്യന്റെ ആശയവിനിമയ വ്യവസ്ഥയുടെ ഘടന വിവരിക്കുക.

27 മലയാള ഭാഷയിലെ സ്വനവ്യവസ്ഥയെ പരിചയപ്പെടുത്തുക.

(2 x 10 =20മാർക്ക്)